17555
9/8/17

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ആസ്തി വികസന പദ്ധതി - (എൽ.എ.സി-എ.ഡി.എസ്) - പത്തനംതിട്ട ജില്ലയിലെ അടൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ ഒൻപതാം വാർഡിൽ അംഗൻവാടിയ്ക്കായി പുതിയ കെട്ടിടവും സാമൂഹ്യനീതി വകുപ്പിന്റെ 'കുമാരി ക്ലബ് ' (കൌമാര പ്രായക്കാർക്കുള്ള കൌൺസിലിംഗ് സെന്റർ) എന്നിവയ്ക്കായി കെട്ടിട സമുച്ചയവും നിർമ്മാണം - ഭരണാനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്

സ.ഉ.(സാധാ)നം. 2613/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 28.07.2017

പരാമർശം : 1) സ.ഉ (അച്ചടി) നം. 332/2012/ധന, തീയതി 11/06/2012.
2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 20.03.2017 ലെ ഡി.ബി6-3368/2017/സിഇ/തസ്വഭവ. നമ്പർ കത്ത്.

ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ അടൂർ നിയോജകമണ്ഡലത്തിലെ ശ്രീ. ചിറ്റയം ഗോപകുമാർ എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൻ കീഴിൽ അടൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ ഒൻപതാം വാർഡിൽ അംഗൻവാടിയ്ക്കായി പുതിയ കെട്ടിടവും സാമൂഹ്യനീതി വകുപ്പിന്റെ 'കുമാരി ക്ലബ് ' (കൌമാര പ്രായക്കാർക്കുള്ള കൌൺസിലിംഗ് സെന്റർ) എന്നിവയ്ക്കായി കെട്ടിട സമുച്ചയവും നിർമ്മാണ പദ്ധതിയുടെ ഭരണാനുമതിയ്ക്കായി പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയർ 25,00,000/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും departmental formalities-ഉം പാലിച്ചുകൊണ്ട് പത്തനംതിട്ട ജില്ലയിലെ അടൂർ നിയോജകമണ്ഡലത്തിലെ ശ്രീ. ചിറ്റയം ഗോപകുമാർ എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൻകീഴിൽ അടൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ ഒൻപതാം വാർഡിൽ അംഗൻവാടിയ്ക്കായി പുതിയ കെട്ടിടവും കൌമാര പ്രായക്കാർക്കുള്ള കൌൺസിലിംഗ് സെന്ററും നിർമ്മിക്കുന്നതിനായി

25,00,000/- രൂപ (രൂപ ഇരുപത്തഞ്ച് ലക്ഷം മാത്രം) ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേയ്ക്കാവശ്യമായ തുക 4515-00-800-96 projects under LAC-ADS (NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ, അടൂർ നിയോജകമണ്ഡലം, പത്തനംതിട്ട ജില്ല.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എൻജിനിയർ, തദ്ദേശസ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള.
സെക്രട്ടറി, പള്ളിക്കൽ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല.
ധനകാര്യ വകുപ്പ് (ഐ.ഡി നം. 953/NC-B2/2016/Fin, dated 03.02.2017)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നം. 43/ഇപിഎ 3/2017)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ